**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3257** **26-06-2024 - ൽ മറുപടിയ്ക്ക്**

**കടലുകാണിപ്പാറ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത് ഗ്രാമ പഞ്ചായത്ത് പരിധിയിലെ കടലുകാണിപ്പാറ ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ? | (എ) | ആറ്റിങ്ങൽ നഗരസഭയിലെ കടലുകാണിപ്പാറയുടെ ടൂറിസം പ്രാധാന്യം കണക്കിലെടുത്ത് രണ്ടാം ഘട്ട വികസനത്തിന് 1.87 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തിരുവനന്തപുരം ഡി.റ്റി.പി.സി മുഖേന പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉത്തരവിട്ടിരുന്നത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിനെ തിരഞ്ഞെടുക്കുകയും ഏജൻസിയുമായി കരാർ ഒപ്പുവെയ്ക്കുകയും ചെയ്തിരുന്നു. ഇതേ തുടർന്ന് നിർവ്വഹണ ഏജൻസിയായ M/s ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും കരാറുകാരന് 1.66 കോടി രൂപയുടെ വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. എന്നാൽ ബഹു.എം.എൽ.എ, ഡെപ്യൂട്ടി ഡയറക്ടർ, ഡിറ്റിപിസി സെക്രട്ടറി എന്നിവർ പദ്ധതി പ്രദേശം സന്ദർശിക്കുകയും ചില ഘടകങ്ങൾ നടപ്പാക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തു. ഇതേതുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ തീരുമാനിച്ചു. എന്നാൽ കരാറുകാരും ഏജൻസിയും പദ്ധതിയുമായി മുന്നോട്ടുപോകാനുള്ള അസൗകര്യം അറിയിക്കുകയാണ് ചെയ്തത്. ഇതോടെ കരാർ റദ്ദാക്കി. പിന്നീട് സിൽക്ക് ഏജൻസി വഴി 1.81 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ അനിശ്ചിതമായി വൈകുന്ന പദ്ധതികളുടെ തുക തിരിച്ചുപിടിക്കാനുള്ള സർക്കാർ തീരുമാനപ്രകാരം നേരത്തെ നൽകിയ ഫണ്ട് തിരിച്ചടക്കാൻ ഡിറ്റിപിസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന് പുതിയ പദ്ധതിയായി ഈ നിർദ്ദേശം പരിഗണിക്കാനാകുമോയെന്ന് പരിശോധിക്കാം. |

സെക്ഷൻ ഓഫീസർ